(ബി) ഈ സ്കീമിന്റെ അറ്റകുറ്റപ്പണികൾക്കായി 75,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും, കഴിഞ്ഞവർഷത്തെ വെള്ളപ്പൊക്കക്കെടുതികൾക്കുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പണത്തിന്റെ അഭാവം കാരണം ഭരണാനുമതി നൽകിയില്ല.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ചു ഏറ്റെടുക്കുന്നതാണ്.

പീരുമേട് ടൗണിലെ ശുദ്ധജലവിതരണത്തിനു ആവശ്യമായ പൈപ്പ്

514. [707] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

പീരുമേട് ടൗണിലെ ശുദ്ധജല വിതരണത്തിന് ആവശ്യമായ പൈപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പനത്തുറയിൽ ഇറിഗേഷൻ വകുപ്പു നിർമ്മിക്കുന്ന പാലം

515. [709] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവല്ലം പഞ്ചായത്തിലെ പനത്തുറയിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും ഒരുപാലം നിർമ്മിക്കുന്നതിനു തറക്കല്ലു ഇട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്നാണ് ; ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ ?

(ബി) ടെണ്ടർ തീയതി വീണ്ടും വീണ്ടും നീട്ടുകയുണ്ടായോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലം പണിക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് ഉടൻ നൽകുകയും പണി ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവല്ലം പഞ്ചായത്തിൽ പനത്തുറയിൽ ഇറിഗേഷൻ വകുപ്പു നിർമ്മിക്കുന്ന പാലം പണിക്ക് 19-9-1985-ൽ തറക്കല്ലിട്ടു. ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിരുന്നു.

(ബി, സി, ഡി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റിനു ഗവൺമെന്റ് അംഗീകാരം നൽകേണ്ടതുണ്ട്. ഈ പാലത്തിന്റെ പണിയും പനത്തുറയിലെ കടൽഭിത്തിയുടെ നിർമ്മാണവും ചേർത്ത് 66.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം നൽകിയതിനുശേഷമേ പ്രസ്തുത പണിക്ക് ടെണ്ടർ വിളിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് നേരത്തേ വിളിച്ചിരുന്ന ടെണ്ടറിനു ഡിപ്പാർട്ടുമെന്റ് തീയതി നീട്ടിക്കൊടുത്തിരുന്നത്. ടി ടെണ്ടർ 4-9-1986-ൽ റദ്ദു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly